പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 5128. 23.03.2018 ന് മറുപടിയ്ക്ക്.

## തേവലക്കര ഐ.റ്റി.ഐ യിൽ ഫിറ്റർ ട്രേഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, കെ.ബി.ഗണേഷ് കുമാർ<br>,, കോവൂർ കുഞ്ഞുമോൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തേവലക്കര ഐ.റ്റി.ഐ യിൽ ഐ.റ്റി.ഐ ഫിറ്റർ ട്രേഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) തേവലക്കര ഐ.ടി.ഐ-യിൽ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പുതിയ ട്രേഡുകൾ തുടങ്ങുന്നതിനുള്ള സൗകര്യം ലഭ്യമല്ല. |
| (ബി) കൊല്ലം ജില്ലയിൽ എത്ര ഐ.റ്റി.ഐ കളിൽ ഫിറ്റർ ട്രേഡ് നിലവിലുണ്ട്;കുന്നത്തൂർ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന എത്ര ഐ.റ്റി.ഐ കളിൽ ഫിറ്റർ ട്രേഡ് നിലവിലുണ്ട്; വ്യക്തമാക്കുമോ; | (ബി) കൊല്ലം ജില്ലയിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ ചന്ദനത്തോപ്പ്, ചാത്തന്നൂർ എന്നീ രണ്ട് ഐ.ടി.ഐ.കളിൽ ഫിറ്റർ ട്രേഡ് നിലവിലുണ്ട്. വകുപ്പിന്റെ കീഴിൽ കുന്നത്തൂർ മണ്ഡലത്തിന്റെ പരിധിയിൽ ഐ.ടി.ഐ കൾ ഒന്നും തന്നെ നിലവിലില്ല. |
| (സി) തേവലക്കര ഐ.റ്റി.ഐ യിൽ അനുവദിച്ചിട്ടുള്ള കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) സർവ്വേയർ, പ്ലംബർ, വെൽഡർ എന്നീ ട്രേഡുകളാണ് (2 യൂണിറ്റ് വീതം) തേവലക്കര ഐ.ടി.ഐ-യിൽ അനുവദിച്ചിട്ടുള്ളത്. |
| (ഡി) തേവലക്കര ഐ.റ്റി.ഐ യിൽ ഐ.റ്റി.ഐ ഫിറ്റർ ട്രേഡ് അനുവദിക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ? | (ഡി) തേവലക്കര ഐ.ടി.ഐ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിലവിലുള്ള ട്രേഡുകൾക്ക് പുറമെ പുതിയ ട്രേഡുകൾ തുടങ്ങുന്നതിനുള്ള ക്ലാസ്സ്, വർക്ക്ഷോപ്പ് എന്നിവ ലഭ്യമല്ല. കൂടാതെ പ്രസ്തുത ഐ.ടി.ഐ സ്ഥിതി ചെയ്യുന്ന സ്ഥലം കോസ്റ്റൽ റഗുലേഷൻ സോൺ (CRZ) ന്റെ പരിധിയിൽ ഉൾപ്പെട്ട സ്ഥലമാകയാൽ പുതിയ കെട്ടിട നിർമ്മാണത്തിന് CRZ ന്റെ അനുമതി ലഭ്യമല്ല. |

Bindu

സെക്ഷൻ ഓഫീസർ